"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഹോമിയോപ്പതി - ജീവനക്കാര്യം - ഡോ. ശോഭ ചന്ദ്രൻ ആർ., - ന് ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**94/2026/AYUSH** തീയതി,തിരുവനന്തപുരം, **21-02-2026**

---

പരാമർശം:-
1. **07.08.2025** ലെ സ.ഉ(പി)നം.**17/2025**/ആയുഷ് നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.
2. **04.12.2025**-ലെ ഹോമിയോപ്പതി ഡയറക്ടറുടെ ഡി.എച്ച്.ടി.വി.എം/**312/2025**-ഇഎ4 നമ്പർ കത്ത്.
3. **30.10.2019** -ലെ സ.ഉ.(സാധാ)നം.**562/2019**/ആയുഷ്.

**<u>ഉത്തരവ്</u>**

ഡോ. ശോഭ ചന്ദ്രൻ ആർ. -ന്റെ ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്ത് നോഷണൽ പ്രൊമോഷന് പരിഗണിക്കുന്നതിന് **19.05.2025** തീയതിയിൽ അഡ് ഹോക്ക് ഡി.പി.സി ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

പരാമർശം (1) സെലക്ട് ലിസ്റ്റ് പ്രകാരം ഡോ. ശോഭ ചന്ദ്രന് ആർ. -ന്, ക്രമ നം. 4 ഡോ. ഷൈല പി. -യ്ക്ക് താഴെയും ക്രമ നം. 5 ഡോ. റീജ എൽ.ജെ. -യ്ക്ക് മുകളിലുമായി ക്രമ നം. 4.(a) ആയി സീനിയോരിറ്റി പുനഃസ്ഥാപിച്ച് നൽകിയിട്ടുള്ളതിനാൽ, ടിയാളുടെ തൊട്ടുതാഴെയുള്ള ഡോ. റീജ എൽ.ജെ. -യ്ക്ക് ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയ പരാമർശം (3) ഉത്തരവിന്റെ തീയതിയായ **30.10.2019** പ്രാബല്യത്തിൽ ഡോ. ശോഭ ചന്ദ്രൻ ആർ. -ന് ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നതിന് ഹോമിയോപ്പതി ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സെലക്ട് ലിസ്റ്റിൽ

ഡോ. ശോഭ ചന്ദ്രൻ ആർ. -ന് തൊട്ടുതാഴെയുള്ള ഡോ. റീജ എൽ.ജെ. -യ്ക്ക് ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയ പരാമർശം (3) ഉത്തരവിന്റെ തീയതിയായ **30.10.2019** പ്രാബല്യത്തിൽ ഡോ. ശോഭ ചന്ദ്രൻ ആർ. -ന് ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ. ശോഭ ചന്ദ്രൻ ആർ., ചീഫ് മെഡിക്കൽ ഓഫീസർ
(ഹോമിയോപ്പതി ഡയറക്ടർ മുഖാന്തരം).
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeen S
സെക്ഷൻ ഓഫീസർ
Date: 23-02-2026 10:58:35